എനർജി മാനേജ്മെന്റ്
സെന്റർ ന്യൂസ്‌ലെറ്റർ

# ഊർജ്ജപത്രിക

**Oorja Pathrika** | A Newsletter from **Energy Management Centre- Kerala**

വാല്യം- 4, ലക്കം 07 | 2023 ജൂലൈ 05



# 'ഉണർവ്' പദ്ധതി പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ. വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു

## സ്കൂൾ വിദ്യാർത്ഥികൾക്കും അധ്യാപകർക്കുമുള്ള ഊർജസംരക്ഷണ പരിപാടി

സ്കൂൾ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കുമുള്ള ഊർജസംരക്ഷണ പദ്ധതിയായ 'ഉണർവ്' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ജൂൺ 5ന് സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ. വി. ശിവൻകുട്ടി നിർവഹിച്ചു. എനർജി മാനേജ്മെന്റ് സെന്റർ ഓഡിറ്റോറിയത്തിൽ വച്ച് സംഘടിപ്പിച്ച ഉദ്ഘാടന ചടങ്ങിൽ കഴക്കൂട്ടം നിയോജകമണ്ഡലം എം. എൽ.എ. ശ്രീ. കടകംപള്ളി സുരേന്ദ്രൻ അധ്യക്ഷത വഹിച്ചു. ഊർജസംരക്ഷണവുമായി ബന്ധപ്പെട്ട് ഇ.എം.സി. നടത്തിവരുന്ന പ്രവർത്തനങ്ങളും ഇടപെടലുകളും വിദ്യാർത്ഥികൾക്ക് നേരിട്ട് കണ്ട് മനസിലാക്കുന്നതിനായി സംഘടിപ്പിക്കുന്ന ഇ.എം.സി.യുടെ ക്യാമ്പസ് സന്ദർശന പരിപാടിയാണ് 'ഉണർവ്'. വെഞ്ഞാറമൂട് ഗവൺമെന്റ് യു.പി. സ്കൂൾ, നേമം ഗവൺമെന്റ് യു.പി. സ്കൂൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥികളും അദ്ധ്യാപകരുമാണ് ഉദ്ഘാടന ദിവസം ഉണർവ് പദ്ധതിയുടെ ഭാഗമായത്. ഊർജസംരക്ഷണവുമായ ബന്ധപ്പെട്ട ക്ലാസുകൾ, ഇലക്ട്രിക് സൈക്കിൾ, കാര്യക്ഷമമായ വൈദ്യുതോപകരണങ്ങൾ എന്നിവ വിദ്യാർത്ഥികൾ പരിചയപ്പെട്ടു. കേന്ദ്രസർക്കാർ സ്ഥാപനമായ എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡ് (EESL) ഡെപ്യൂട്ടി ജനറൽ മാനേജർ ഡോ. റിതു സിങ് വേദിയിൽ സന്നിഹിതയായിരുന്നു. ഇ.എം.സി. ഡയറക്ടർ ഡോ. ആർ. ഹരികുമാർ സ്വാഗതം പറഞ്ഞു. വെഞ്ഞാറമൂട് ഗവൺമെന്റ് യു.പി. സ്കൂളിലെ പ്രധാനാദ്ധ്യാപകൻ ശ്രീ. എം.കെ. മെഹബൂബ് നന്ദി പ്രകാശിപ്പിച്ചു. ഇ.എം.സി.യിലെ എനർജി ടെക്നോളജിസ്റ്റുകളായ ശ്രീ. അനൂപ് സുരേന്ദ്രൻ, ശ്രീ. കെ. ആർ. രാജീവ് എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

ജൂൺ 16 ന് സംഘടിപ്പിച്ച 'ഉണർവ്' പരിപാടിയിൽ തോന്നയ്ക്കൽ ഈശ്വരവിലാസം ഗവ: യു.പി. സ്കൂളിലെ വിദ്യാർത്ഥികളും അദ്ധ്യാപകരും പങ്കെടുത്തു. എനർജി എഫിഷ്യൻസി വിഭാഗം മേധാവി ശ്രീ. ജോൺസൻ ഡാനിയേൽ ഉദ്ഘാടനം ചെയ്തു. ജൂൺ 24 ന് സംഘടിപ്പിച്ച പരിപാടി ഇ.എം.സി. ജോയിന്റ് ഡയറക്ടർ ശ്രീ. എ.എൻ. ദിനേശ്കുമാർ ഉദ്ഘാടനം നിർവഹിച്ചു. പാറയ്ക്കൽ ഗവ. യു.പി. സ്കൂളിലെയും രാമപുരം ഗവ. യു.പി. സ്കൂളിലെയും വിദ്യാർത്ഥികളും അദ്ധ്യാപകരും പങ്കെടുത്തു.






# വൈദ്യുത പാചകോപകരണങ്ങളുടെ ഉപയോഗം; പരിശീലനം സംഘടിപ്പിച്ചു

കേരളത്തിലെ അങ്കണവാടികളെ ഊർജകാര്യക്ഷമമാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ ഇ.എം.സി. ആവിഷ്കരിച്ച് നടപ്പിലാക്കുന്ന അംഗൻജ്യോതി പദ്ധതിയുടെ ഭാഗമായി വിതരണം ചെയ്ത വൈദ്യുത പാചകോപകരണങ്ങളുടെ ഉപയോഗം സംബന്ധിച്ച പരിശീലനം 2023 ജൂൺ 13 ന് ഇ.എം.സി. ഓഡിറ്റോറിയത്തിൽ വച്ച് സംഘടിപ്പിച്ചു. ബഹു. കഴക്കൂട്ടം നിയോജകമണ്ഡലം എം.എൽ.എ. ശ്രീ. കടകംപള്ളി സുരേന്ദ്രൻ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ 198 അങ്കണവാടികളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇ.എം.സി. ജോയിന്റ് ഡയറക്ടർ ശ്രീ. ദിനേഷ് കുമാർ എ. എൻ. അദ്ധ്യക്ഷത വഹിച്ചു. രജിസ്ട്രാർ ശ്രീ. ബി. വി. സുഭാഷ് ബാബു വൈദ്യുതോപകരണങ്ങളുടെ ഉപയോഗം സംബന്ധിച്ച് ക്ലാസ് നയിച്ചു.

കഴക്കൂട്ടം നിയോജക മണ്ഡലത്തിലെ 198 അങ്കണവാടികൾക്കുള്ള വൈദ്യുത പാചകോപകരണങ്ങളുടെ വിതരണം നേരത്തെ സംഘടിപ്പിച്ചിരുന്നു. ബഹു. വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടിയായിരുന്നു വിതരണോദ്ഘാടനം നിർവഹിച്ചത്.

# കാർഷിക മേഖലയിലെ ഊർജ്ജ കാര്യക്ഷമത; റിസോഴ്സ് പേഴ്സൺമാർക്കായി പരിശീലനം




**കാ**ർഷിക മേഖലയിലെ ഊർജ്ജകാര്യക്ഷമതയെക്കുറിച്ചും ഊർജ്ജ സംരക്ഷണത്തെക്കുറിച്ചും ഇ.എം.സി. റിസോഴ്സ് പേഴ്സൺമാർക്ക് പരിശീലനം നൽകുന്നതിനായി 'കാർഷിക മേഖലയിലെ ഊർജ്ജകാര്യക്ഷമത' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. 2023 ജൂൺ 15 –ാം തീയതി വൈകുന്നേരം 6 മണി മുതൽ 7 മണി വരെയാണ് പരിശീലനം സംഘടിപ്പിച്ചത്. പ്രസ്തുത പരിപാടിയിൽ ഇ.എം.സി.യിലെ എനർജി ടെക്നോളജിസ്റ്റ് ശ്രീ. റ്റോംസൺ സെബാസ്റ്റ്യൻ കാർഷിക മേഖലയിലെ ഊർജ്ജസംരക്ഷണത്തിന്റെ ആവശ്യകതയെപ്പറ്റിയും കർഷകരിൽ ഊർജ്ജകാര്യക്ഷമതയെപ്പറ്റി അവബോധം സൃഷ്ടിക്കുന്നതിൽ ഇ.എം.സി. റിസോഴ്സ് പേഴ്സൺമാർക്കുള്ള പങ്കിനെക്കുറിച്ചും സംസാരിച്ചു. തുടർന്ന് കാർഷിക മേഖലയിലെ ഊർജ്ജകാര്യക്ഷമതയെക്കുറിച്ച് ബി.ഇ.ഇ. അക്രഡിറ്റഡ് എനർജി ഓഡിറ്ററായ ശ്രീ. ബി. വി. സുരേഷ് ബാബു ക്ലാസ് നയിച്ചു. പരിപാടിയിൽ ആകെ 50 പേർ പങ്കെടുത്തു.

# ജപ്പാൻ കോൺസുലേറ്റ് പ്രതിനിധി ഇ.എം.സി. സന്ദർശിച്ചു

ജപ്പാൻ കോൺസുലേറ്റ് ജനറലിലെ കൾച്ചർ & ഇൻഫർമേഷൻ വിഭാഗം ഉപദേഷ്ടാവ് ശ്രീമതി. ടെറാഒക മാമി 2023 ജൂൺ 16 ന് ഇ.എം.സി. സന്ദർശിച്ചു. ഇ.എം.സി. ഡയറക്ടർ ഡോ. ആർ. ഹരികുമാർ സ്നേഹോപഹാരം സമ്മാനിച്ചു.



# കെട്ടിടങ്ങളിലെ ഊർജ്ജസംരക്ഷണത്തിനായുള്ള നിയമങ്ങൾ എനർജി എഫിഷ്യന്റ് ബിൽഡിംഗ് സെല്ലിന്റെ ആഭിമുഖ്യത്തിൽ പരിശീലനങ്ങൾ സംഘടിപ്പിച്ചു

എനർജി മാനേജ്മെന്റ് സെന്ററിൽ പ്രവർത്തിക്കുന്ന എനർജി എഫിഷ്യന്റ് ബിൽഡിംഗ് സെല്ലിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ബന്ധപ്പെട്ട മേഖലകളിൽ പ്രവർത്തിക്കുന്നവർക്കായി പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി അംഗീകാരമുള്ള ഇ.സി.ബി.സി. മാസ്റ്റർ ട്രെയിനർമാരാണ് പരിശീലനം നൽകിയത്. എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡിനെ കുറിച്ചും ബിൽഡിംഗ് എനർജി സിമുലേഷൻ മുഖേന ഇ.സി.ബി.സി. ചട്ടങ്ങൾക്കനുസൃതമായി കെട്ടിടങ്ങൾ രൂപകല്പന ചെയ്യുന്നതിനെ കുറിച്ചും പരിശീലന പരിപാടികളിൽ വിശദീകരിച്ചു.

**എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച പരിശീലന പരിപാടികളുടെ വിശദാംശങ്ങൾ**

| നമ്പർ | തീയതി | വേദി | പങ്കെടുത്തവർ |
|---|---|---|---|
| 1 | 02/06/2023<br>03/06/2023 | എം.ഇ.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ് , കുറ്റിപ്പുറം, മലപ്പുറം | അധ്യാപകർ (എം.ഇ.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ് ) |
| 2 | 07/06/2023 | നിർമല കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ഇരിങ്ങാലക്കുട, തൃശ്ശൂർ | അധ്യാപകർ (നിർമല കോളേജ് ഓഫ് എഞ്ചിനീയറിംഗ് ) |
| 3 | 08/06/2023<br>09/06/2023 | ഐ.ഇ.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തൃശ്ശൂർ | അധ്യാപകർ (ഐ.ഇ.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തൃശ്ശൂർ) |
| 4 | 10/06/2023<br>11/06/2023 | ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എഞ്ചിനീയേഴ്സ് ഇൻഡ്യ (IEI) കൊച്ചി ലോക്കൽ ചാപ്റ്റർ | പ്രൊഫഷണൽ എഞ്ചിനീയർമാർ (ഐ.ഇ.ഐ കൊച്ചി ലോക്കൽ ചാപ്റ്റർ) |
| 5 | 16/06/2023<br>17/06/2023 | ഹോട്ടൽ റിഡ്ജസ് ഇൻ, കോട്ടക്കൽ, മലപ്പുറം | പ്രൊഫഷണൽ എഞ്ചിനീയർമാർ |
| 6 | 21/06/2023<br>22/06/2023 | ഗവണ്മെന്റ് എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ | അധ്യാപകർ (ഗവണ്മെന്റ് എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ) |
| 7 | 23/06/2023<br>24/06/2023 | ശ്രീപതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മന്റ് ആൻഡ് ടെക്നോളജി, വാവനൂർ, പാലക്കാട് | അധ്യാപകർ (ശ്രീപതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മന്റ് ആൻഡ് ടെക്നോളജി, വാവനൂർ, പാലക്കാട് ) |
| 8 | 26/06/2023<br>27/06/2023 | എനർജി മാനേജ്മെന്റ് സെന്റർ– കേരള, തിരുവനന്തപുരം | പ്രൊഫഷണൽ എഞ്ചിനീയർമാർ (എനർജി മാനേജ്മെന്റ് സെന്റർ– കേരള, തിരുവനന്തപുരം) |

# ലൈവ് ഡെമോൺസ്ട്രേഷൻ ഓഫ് ബി.ഇ.ഇ. ഫെസിലിറ്റേഷൻ സെന്റർ; വെബിനാർ സംഘടിപ്പിച്ചു

എനർജി മാനേജ്മെന്റ് സെന്ററിൽ പ്രവർത്തിക്കുന്ന PAT സെല്ലിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ജൂൺ 30 ന് കേരളത്തിലെ നിയുക്ത ഉപഭോക്താക്കൾക്കായി "ലൈവ് ഡെമോൺസ്ട്രേഷൻ ഓഫ് BEE ഫെസിലിറ്റേഷൻ സെന്റർ" എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. പ്രസ്തുത പരിപാടിയിൽ ഇ.എം.സി. യിലെ എനർജി ടെക്നോളോജിസ്റ്റ് ശ്രീ. ശരത് കൃഷ്ണൻ എസ്. PAT സെല്ലിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ഊർജ്ജ കാര്യക്ഷമതയ്ക്കുള്ള ധനസമാഹരണത്തിന് BEE നൽകിവരുന്ന പിന്തുണയെ കുറിച്ചും സംസാരിച്ചു. തുടർന്ന് ഊർജ്ജസംരക്ഷണത്തിനായുള്ള ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ വിവിധ പദ്ധതികളെ കുറിച്ച് BEE പ്രൊജക്റ്റ് എക്കണോമിസ്റ്റ് ശ്രീമതി. റിച്ച വിശദീകരിച്ചു. രാജ്യത്ത് എനർജി എഫിഷ്യൻസി ഫിനാൻസിംഗ് പ്രോത്സാഹിപ്പിക്കുന്നതിനായിട്ടാണ് ബി.ഇ.ഇ. ഓൺലൈൻ ഫെസിലിറ്റേഷൻ സെന്റർ ദാരാശൗ & കമ്പനി പ്രൈവറ്റ് ലിമിറ്റഡിന്റെ സഹായത്തോടെ സ്ഥാപിച്ചിട്ടുള്ളത്. ഓൺലൈൻ ഫെസിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനത്തെ കുറിച്ചും അതിൽ ഫോമുകൾ അപ്ലോഡ് ചെയ്യുന്നതിനെക്കുറിച്ചും ദാരാശൗ വൈസ് പ്രസിഡന്റ് ശ്രീ. സുനിൽ ശർമ്മയും ഐ.ടി. പ്രൊജക്റ്റ് മാനേജർ ശ്രീമതി. പല്ലവി തൃപാഠി ശുക്ലയും ചേർന്ന് വിശദീകരിച്ചു. വെബിനാറിൽ കേരളത്തിലെ ഹോട്ടൽ മേഖലയിൽ നിന്നും വ്യവസായ മേഖലയിൽ നിന്നുമുള്ള എഞ്ചിനീയർമാർ, എനർജി മാനേജർമാർ എന്നിവരുടെ സാന്നിധ്യം ഉണ്ടായിരുന്നു. പരിപാടിയിൽ ആകെ 32 പേർ പങ്കെടുത്തു.

# എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച പരിശീലന പരിപാടികൾ



ഇരിങ്ങാലക്കുടയിലെ നിർമല കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ നടന്ന പരിശീലനം



പാലക്കാട് വാവന്നൂർ ശ്രീപതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ടെക്നോളജിയിൽ നടന്ന പരിശീലനം




മലപ്പുറം കോട്ടക്കലിലെ ഹോട്ടൽ റിഡ്ജസ് ഇൻ-ൽ നടന്ന പരിശീലനം



കുറ്റിപ്പുറം എം.ഇ.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ നടന്ന പരിശീലനം




തൃശ്ശൂർ ഐ.ഇ.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ നടന്ന പരിശീലനം




ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എഞ്ചിനീയേഴ്സ് ഇന്ത്യ കൊച്ചി ലോക്കൽ ചാപ്റ്ററിൽ നടന്ന പരിശീലനം



തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ നടന്ന പരിശീലനം



തിരുവനന്തപുരം എനർജി മാനേജ്മെന്റ് സെന്ററിൽ നടന്ന പരിശീലനം

Design & Layout: Prajeesh A.



Published by **Dr. R. Harikumar**, Director, EMC

Editorial board

Dr. R. Harikumar (Chief Editor)
Er. Dinesh Kumar A. N. (Editor)
Er. Tomson Sebastian (Member)
Er. Anoop Surendran (Member)
Ms. Kumari Sheela (Circulation)

**Energy Management Centre – Kerala**
Department of Power, Government of Kerala
Sreekrishna Nagar, Sreekariyam. P.O
Thiruvananthapuram – 695017
Tel: 0471-2495922, 24, Fax 0471-2494923
www.keralaenergy.gov.in
Toll Free No. 1800 425 5256